# കേരളീയം

# തിന്നാലും തീരാത്ത കൊന്ന പാപങ്ങൾ

അറവുകാരൻ വെട്ടിക്കൊന്നു തലയും തൊലിയും നീക്കി കെട്ടിത്തൂക്കിയിരിക്കുന്ന മൃഗശരീരത്തിൽനിന്നും ഒരു തുണ്ടു മുറിച്ചു വാങ്ങിക്കൊണ്ടുപോയി വച്ചു തിന്നുന്ന സാധാരണക്കാരന് ഒരു വിചാരമുണ്ട്- ആ മൃഗത്തെ കൊന്ന കാര്യത്തിൽ താൻ പങ്കാളിയല്ലെന്ന്.

പെൻഷൻ പറ്റുമ്പോഴോ തുണ്ടുഭൂമി വിൽക്കുമ്പോഴോ കിട്ടിയ പണം നേരിട്ട് പലിശയ്ക്കു കൊടുക്കാതെ പരിചയക്കാരന്റെ പണമിടപാട് സ്ഥാപനത്തിൽ അല്പം ഭേദപ്പെട്ട പലിശക്ക് ഡെപ്പോസിറ്റ് ചെയ്ത്, മാസംതോറും പലിശയും വാങ്ങി സ്വസ്ഥനായിരിക്കുന്ന മനുഷ്യനും ഒരു വിചാരമുണ്ട്- താൻ ബ്ലേഡുകാരനല്ലെന്ന്.

ചൂണ്ടുവിരലിന്റെ തുമ്പുകൊണ്ട് ഒരു സ്വിച്ചമർത്തുമ്പോൾ ചെമ്പുകമ്പികളിലൂടെ പാഞ്ഞുവരുന്ന വിദ്യുച്ഛക്തി ഒരു ബൾബിനെ പ്രകാശഗോളമാക്കുമ്പോൾ, അതിനു ചുവട്ടിലിരുന്ന് കളിക്കുകയോ ചിരിക്കുകയോ പഠിക്കുകയോ ചെയ്യുന്നവനും ഒരു വിചാരമുണ്ട്- വിദ്യുച്ഛക്തി നിലയങ്ങൾ കെട്ടിപ്പൊക്കാൻ വേണ്ടി വഴിയാധാരമാക്കി വലിച്ചെറിഞ്ഞ ആയിരക്കണക്കിനു പച്ചമനുഷ്യരുടെ കണ്ണീരിനും കദനത്തിനും കാരണക്കാരൻ താനല്ല എന്ന്.

പക്ഷെ, സ്വയം ചമച്ചെടുക്കുന്ന ന്യായവാദങ്ങൾകൊണ്ട് ആർക്കും രക്ഷപ്പെടാനാവില്ല. സ്വയം സമാശ്വസിപ്പിക്കാനുള്ള നിഷ്ക്കളങ്കതാഭാവം നമ്മളെ ദിനം ചെല്ലുന്തോറും കാപട്യമേറിയവരാക്കി മാറ്റുകയേ ഉള്ളൂ.

നമ്മൾ എതിർത്തുകൊണ്ടിരിക്കുന്ന പലതിനെയും നിലനിർത്തുന്നത് നമ്മൾ തന്നെയാണെന്ന് ആത്മാർത്ഥമായ പരിശോധന നമ്മളെ ബോദ്ധ്യപ്പെടുത്തും. നമ്മുടെ തന്നെ നിലപാടുകളിലെ കാപട്യം അതു നമുക്കു മനസിലാക്കിത്തരും. പ്രശ്നങ്ങളെ എതിർക്കുകയും അനുകൂലിക്കുകയും ചെയ്യുന്നതിനു മുമ്പേ അവയെ വിശദമായി, സൂക്ഷ്മമായി അപഗ്രഥിക്കേണ്ടതുണ്ട്. നമ്മൾ എതിർക്കുന്ന മിക്ക കാര്യങ്ങളിലും അതിനെ സംരക്ഷിക്കുന്ന ഒരു പങ്കും പരോക്ഷമായി നമ്മൾ നിർവഹിക്കുന്നുണ്ടായിരിക്കും. അത് ആദ്യം തിരിച്ചറിയേണ്ടതുണ്ട്. കള്ളനു കഞ്ഞിവയ്ക്കുന്നവനും കള്ളനേക്കാൾ എള്ളോളം കുറവല്ല പാപം എന്നാണ് എല്ലാ ധാർമ്മിക ചിന്തകരും നമ്മോടു പറയുന്നത്.

രാഷ്ട്രീയം കളിക്കുന്നവന്റെ കപട സത്യസന്ധതയല്ല നമുക്ക് മാതൃകയാകേണ്ടത്. അതവർക്കുതന്നെ വിട്ടുകൊടുക്കുക.

സത്യവും ദൈവവും പകരം വയ്ക്കാവുന്ന പദങ്ങളായിരിക്കട്ടെ നമുക്ക്.